# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4127 — 25.06.2018-ൽ മറുപടിക്ക്

### മൃഗശാലകൾ ആധുനികവത്കരിക്കുന്നതിന് പദ്ധതികൾ


ചോദ്യം
ശ്രീ. അബ്ദുൽ ഹമീദ്.പി

മറുപടി
ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)


| | | | |
|---|---|---|---|
| (എ) | മൃഗശാലകൾ ആധുനികവൽകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരവും, വിശ്രമ മുറിയും ചേർന്ന ടോയ്ലറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ, അക്വേറിയത്തിന്റെ നവീകരണം, ഇൻഡ്യൻ കാട്ടുപോത്തുകൾക്ക വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സന്ദർശകർക്കുവേണ്ടി ഇന്റർപ്രെട്ടേഷൻ സെന്ററിന്റെ നിർമ്മാണം ആരംഭിക്കുകയും ചിത്രശലഭങ്ങൾക്കുവേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം, മൃഗശാലാ സ്റ്റോറിന്റെയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം എന്നിവ നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ ആധുനിക രീതിയിലുള്ള അക്വേറിയം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി തൃശ്ശൂർ മൃഗശാലയിലെ സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയുടെ കൂടുകളുടേയും മാൻ, ഒട്ടകപക്ഷി, എമു, മയിൽ എന്നിവയുടെ കൂടുകളുടേയും അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിലേക്ക് ജിറാഫ്, |

| | | | |
|---|---|---|---|
| | | | സീബ്ര, വെള്ള സിംഹം, ജാഗ്വാർ എന്നീ വിദേശയിനം മൃഗങ്ങളെ കൊണ്ട് വരുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) | ഏതൊക്കെ മൃഗശാലകളിലാണ് നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം തിരുവനന്തപുരം മൃഗശാലയിലാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗശാലകളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ച എന്ന് വെളിപ്പെടുത്തുമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ 6,83,14,854/- രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 7,61,86,064/- രൂപയും മൃഗശാലകളുടെ നവീകരണത്തിനായി ചെലവഴിച്ചു. |

**സെക്ഷൻ ഓഫീസർ**